॥ श्रीहरिः॥

# ॥ ഘട്ടം 1 - ശ്രീമദ്ഭഗവദ്ഗീതയുടെ ശുദ്ധ ഉച്ചാരണത്തിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ॥

**(ഈ മാർഗ്ഗനിർദ്ദേശങ്ങൾ ഭഗവദ്ഗീതയുടെ പ്രഥമഘട്ടത്തിലെ പരീക്ഷാർത്ഥികൾക്കായി തയ്യാറാക്കിയിട്ടുള്ളതാണ്)**

### ഹ്രസ്വം

अ, इ, उ, ऋ, लृ ( അ, ഇ, ഉ, ഋ, ഌ ) എന്നിവ ഹ്രസ്വമായി ഉച്ചരിയ്ക്കണം.(കാലം - ഒരു മാത്ര) "അ"വൻ "ഇ" വൻ എന്ന പോലെ.

### ദീർഘം

आ, ई, ऊ, ए, ऐ, ओ, औ (ആ, ഈ, ഊ, ഏ, ഐ, ഓ, ഔ) എന്നിവ ദീർഘമായി ഉച്ചരിയ്ക്കണം. (കാലം - രണ്ട് മാത്ര) "ആ"ന, "ഈ"ച്ച എന്ന പോലെ.

### അനുസ്വാര ഉച്ചാരണ നിയമങ്ങൾ

- അനുസ്വാരം - "അനുസ്വാരം" എന്നാൽ സ്വരാക്ഷരത്തെ പിന്തുടരുന്ന എന്നാണ് അർത്ഥം. അക്ഷരമാലയിൽ സ്വരാക്ഷരങ്ങൾക്ക് ശേഷമാണ് അനുസ്വാരത്തിന്റെ (ം) സ്ഥാനം.
- അനുനാസികം - "അനുനാസികം" എന്നു വെച്ചാൽ മൂക്കുപയോഗിച്ച് ഉച്ചരിയ്ക്കുന്നവ എന്നാണ് അർത്ഥം.വ്യഞ്ജനാക്ഷരങ്ങളുടെ ഒടുവിലാണ് ഇവയുടെ സ്ഥാനം.
- അനുസ്വാരത്തിന്റെ ഉച്ചാരണം തുടർന്ന് വരുന്ന അക്ഷരത്തിനെ ആസ്പദമാക്കിയാണ്. അതായത് അനുസ്വാര സന്ധി നിയമങ്ങൾക്ക് വിധേയമായി മറ്റം വരുന്നു.

### ക വർഗ്ഗം

- ക ഖ ഗ ഘ ങ എന്ന അക്ഷരങ്ങൾ "കണ്ഠ്യ" മാണ്. അതായത് കണ്ഠം (തൊണ്ട)കൊണ്ട് ഉച്ചരിയ്ക്കുന്നവയാണ്.
- ഇതിലെ അനുനാസിക വർണ്ണം "ങ" ആണ്. അതുകൊണ്ട് ക ഖ ഗ ഘ എന്നീ അക്ഷരങ്ങൾക്ക് മുമ്പിലായി അനുസ്വാരം വന്നാൽ 'ങ്' എന്ന് ഉച്ചരിയ്ക്കണം. (കംകൺ - കങ്കൺ, പംഖ് - പങ്ഖ, ഗംഗ - ഗങ്ഗ, സംഘ് - സങ്ഘ്)
- കൂട്ടക്ഷരമായ क्ष (क् + ष - क्ष) വന്നാലും മേല്പ്പറഞ്ഞ നിയമം വരും, കാരണം ഇതിലെ ആദ്യാക്ഷരം 'ക്' ആണ്.
  ഉദാഹരണം:- संक्षिप्त - सङ्क्षिप्त

  (സംക്ഷിപ്ത് - സങ്ക്ഷിപ്ത്)

### ച വർഗ്ഗം

- ച ഛ ജ ഝ ഞ എന്നീ അക്ഷരങ്ങൾ "താലവ്യ" മാണ്. അതായത് നാവിന്റെ മുകളിൽ, പല്ലിന്റെ തൊട്ട് പിന്നിലുള്ള ഭാഗം കൊണ്ട് ഉച്ചരിയ്ക്കുന്നവയാണ്.
- ഇതിലെ അനുനാസിക വർണ്ണം "ഞ" ആണ്. അതുകൊണ്ട് ച ഛ ജ ഝ എന്നീ അക്ഷരങ്ങൾക്ക് മുമ്പിലായി അനുസ്വാരം വന്നാൽ 'ഞ്' എന്ന് ഉച്ചരിയ്ക്കണം.
  ഉദാഹരണം:- चंचल (चञ्चल), पंछी (पञ्छी), पंजा ( पञ्जा), रांझा ( राञ्झा)

  (ചംചൽ - ചഞ്ചൽ, പംഛി - പഞ്ഛി, പംജാ - പഞ്ജ, രാംഝ -രാഞ്ഝ)

- കൂട്ടക്ഷരമായ ज्ञ (ज् + ञ - ज्ञ) വന്നാലും മേല്പ്പറഞ്ഞ നിയമം വരും. കാരണം ഇതിലെ ആദ്യാക്ഷരം 'ജ് ' ആണ്.
  ഉദാഹരണം: इदं+ ज्ञानम्= इदञ्ज्ञानम्

  (ഇദം + ജ്ഞാനം - ഇദഞ്ജ്ഞാനം)

### ട വർഗ്ഗം

- ട ഠ ഡ ഢ ണ എന്നീ അക്ഷരങ്ങൾ "മൂർദ്ധന്യ" മാണ്. അതായത് അണ്ണാക്കിന്റെ മുന്നിലുള്ള ഭാഗം കൊണ്ട് ഉച്ചരിയ്ക്കുന്നവയാണ്.
- ഇതിലെ അനുനാസിക വർണ്ണം "ണ" ആണ്. അതുകൊണ്ട് ട ഠ ഡ ഢ എന്നീ അക്ഷരങ്ങൾക്ക് മുമ്പിലായി അനുസ്വാരം വന്നാൽ 'ൺ' എന്ന് ഉച്ചരിയ്ക്കണം.
  ഉദാഹരണം:- घंटा (घण्टा) कंठ (कण्ठ) पंडित (पण्डित) पंढ (पण्ढ)

  (ഘംടാ - ഘൺ ട, കംഠ് - കണ്ഠ്, പംഡിത് - പണ്ഡിത്, പംഢ് - പണ്ഢ്)

### ത വർഗ്ഗം

- ത ഥ ദ ധ ന എന്നീ അക്ഷരങ്ങൾ "ദന്ത്യ" മാണ്. അതായത് പല്ലുകൊണ്ട് ഉച്ചരിയ്ക്കുന്നവയാണ്.
- ഇതിലെ അനുനാസിക വർണ്ണം "ന" ആണ്. അതുകൊണ്ട് ത ഥ ദ ധ എന്നീ അക്ഷരങ്ങൾക്ക് മുമ്പിലായി അനുസ്വാരം വന്നാൽ 'ൻ' എന്ന് ഉച്ചരിയ്ക്കണം.
  ഉദാഹരണം:-:- पंत ( पन्त) पंथ ( पन्थ), कंद (कन्द), अंध (अन्ध)

  (പംത് - പന്ത്, പംഥ് - പന്ഥ്, കംദ് - കന്ദ്, അംധ് - അന്ധ്)

- കൂട്ടക്ഷരമായ त्र (त् + र) വന്നാലും മേല്പ്പറഞ്ഞ നിയമം വരും. കാരണം ഇതിലെ ആദ്യാക്ഷരം 'ത് ' ആണ്.
  ഉദാഹരണം:- तंत्र (तन्त्र)

  (തംത്യ - തന്ത്യ)

### പ വർഗ്ഗം

- പ ഫ ബ ഭ മ എന്നീ അക്ഷരങ്ങൾ "ഓഷ്ഠ്യ" മാണ്. അതായത് ചുണ്ടുകൊണ്ട് ഉച്ചരിയ്ക്കുന്നവയാണ്.
- ഇതിലെ അനുനാസിക വർണ്ണം "മ" ആണ്. അതുകൊണ്ട് പ ഫ ബ ഭ എന്നീ അക്ഷരങ്ങൾക്ക് മുമ്പിലായി അനുസ്വാരം വന്നാൽ 'മ്' എന്ന് ഉച്ചരിയ്ക്കണം.
- ഉദാഹരണം:-:- चंपा (चम्पा), इंफाल (इम्फाल), संबल (सम्बल), दंभ (दम्भ)(ചം പാ - ചമ്പാ, ഇം ഫാൽ - ഇമ്ഫാൽ, സംബൽ - സമ്ബൽ, ദംഭ് - ദമ്ഭ്)

## വിശിഷ്ട വർണ്ണം

വ്യഞ്ജനങ്ങളുടെ മുൻപ് വരുന്ന അനുസ്വാരത്തിന് വരുന്ന മാറ്റം നമ്മൾ കണ്ടു. ഇനി "യ" മുതൽ "ഹ" വരെയുള്ള അക്ഷരങ്ങൾക്ക് ശേഷം അനുസ്വാരം വന്നാൽ എങ്ങനെ ഉച്ചരിയ്ക്കാം എന്ന് നോക്കാം. ഉച്ചാരണശുദ്ധിയ്ക്കായി മാത്രമാണ് ബ്രാക്കറ്റിൽ തദക്ഷരം നൽകിയിട്ടുള്ളത് എന്ന് പ്രത്യേകം ഓർക്കുക.

- പദത്തിന്റെ നടുക്ക് അനുസ്വാരത്തിന് ശേഷം വരുന്ന "യ" മുതൽ "ഹ" വരെയുള്ള അക്ഷരങ്ങൾ "യം" "ലം" "വം" എന്നീ മൂന്നക്ഷരങ്ങളുടെ അനുനാസികരൂപങ്ങളാകുന്നു.

**ഉദാഹരണം:-**

- **य** - संयम [सं(यँ)यम], संयोगिता [सं(यँ)योगिता], संयुक्त [सं(यँ)युक्त]
- **ल** - संलग्न [सं(लँ)लग्न], संलाप [सं(लँ)लाप]
- **व** - संवाद [सं(व)वाद], संवर्धन [सं(व)वर्धन], संवेदना [सं(व)वेदना]
- **र** - संरचना [सं(वँ)रचना], संरक्षण [सं(वँ)रक्षण], संरेखण [सं(वँ)रेखण]
- **श/ष** - संशय [सं(वँ)शय], वंश [वं(वँ)श], दंश [दं(वँ)श], दंष्ट्रा [दं(वँ)ष्ट्रा], संश्रय [सं(वँ)श्रय]
- **स** - कंस [कं(वँ)स], संसार [सं(वँ)सार], संसर्ग [सं(वँ)सर्ग]
- **ह** - सिंह [सिं(वँ)ह], संहार [सं(वँ)हार], संहिता [सं(वँ)हिता]

{ യ - സംയം [സം(യം)യം], സംയോഗിതാ [സം(യം)യോഗിതാ], സംയുക്ത് [സം(യം)യുക്ത്)

ല - സംലഗ് [സം(ലം)ലഗ്], സംലാപ് [സം(ലം)ലാപ്]

വ - സംവാദ് [സം(വം)വാദ്], സംവർദ്ധൻ [സം(വം)വർദ്ധൻ], സംവേദനാ [സം (വം) വേദനാ]

ര - സംരചനാ [സം(വം)രചനാ], സംരക്ഷൺ [സം(വം)രക്ഷൺ], സംരേഖൺ [സം(വം)രേഖൺ]

ശ/ഷ - സംശയ് [സം(വം)ശയ്], വംശ് [വം(വം)ശ്], ദംശ് [ദം(വം)ശ്] ദംഷ്ട്രാ [ദം(വം)ഷ്ട്രാ] സംശ്രയ് [സം(വം)ശ്രയ്]
സ - കംസ് [കം(വ്)സ്] സംസാർ [സം(വ്)സാർ] സംസർഗ് [സം(വ്)സർഗ്]
ഹ - സിംഹ് - [സിം(വ്)ഹ്] സംഹാർ [സം(വ്)ഹാർ] സംഹിതാ [സം(വ്)ഹിതാ]

- പദത്തിന്റെ അന്ത്യത്തിൽ അനുസ്വാര വർണ്ണത്തിന് ശേഷം "യ" മുതൽ "ഹ" വരെയുള്ള അക്ഷരങ്ങൾ വന്നാൽ അനുസ്വാരം എന്ന് ഉച്ചരിയ്ക്കണം.

**ഉദാഹരണം:-**

യ - ധർമ്മ്യാമൃതമിദം(യം) യഥോക്തം
ര - ലോകമിമം(അം) രവി
ല - തദോത്തമവിദാം(ലം) ലോകാൻ
വ - ധ്യാനം(വം) വിശിഷ്യതേ
ശ/ഷ - ഇദം(അം) ശരീരം
സ - ഏവ(അം) സതത
ഹ - ക്ഷയം(അം) ഹിംസാൻ

## വിസർഗ്ഗം

### *നിയമം 1: വിസർഗ്ഗം പദത്തിന്റെ അന്ത്യത്തിൽ വരുമ്പോൾ അതിന്റെ ഉച്ചാരണം.*

- സ്വരാക്ഷരങ്ങളുടെ അന്ത്യത്തിലാണ് വിസർഗ്ഗത്തിന്റെ സ്ഥാനം. ഏതു സ്വരാക്ഷരമാണോ വിസർഗ്ഗത്തിനു മുന്നിലുള്ളത് അതിന്റെ കൂടെ 'ഹ' എന്ന് ഉച്ചരിയ്ക്കുക. സ്വരത്തിനനുസരിച്ച് "ഹ" "ഹി" "ഹു" "ഹെ" എന്നിങ്ങനെ മറ്റം വരുന്നു.
- "ഐ" എന്ന അക്ഷരം വരുമ്പോൾ "ഇ" എന്നും "ഔ" എന്ന അക്ഷരം വരുമ്പോൾ "ഉ" എന്നുമാണ് വിസർഗ്ഗം ഉച്ചരിയ്ക്കേണ്ടത്.

ഉദാഹരണം:-
രാമഃ - രാമഹ
രതാഃ - രതാഹ
രവിഃ - രവിഹി
ധർമ്മൈഃ - ധർമ്മൈഹി
ഗുരുഃ - ഗുരുഹു
ഭൂമേഃ - ഭൂമേഹേ
രവ്യോഃ – രവ്യോഹോ

**ദേവനാഗരി (സംസ്കൃത അക്ഷരം)**

- **संशयः - संशयह/संशयहा**
- **रताः - रताहा**
- **मतिः - मतिहि, धर्मैः - धर्मैहि**
- **कुरुः - कुरुहु, गौः - गौहु**
- **भूमेः - भूमेहे**
- **मानापमानयोः - मानापमानयोहो**

### *നിയമം 2 ചില പ്രത്യേക വർണ്ണങ്ങൾക്ക് മുൻപ് വിസർഗ്ഗം വരുമ്പോൾ അതിന്റെ ഉച്ചാരണം*

- വിസർഗ്ഗത്തിനു ശെഷം 'ക്' 'ഖ്' 'പ് ' 'ഫ് 'എന്നീ അക്ഷരങ്ങൾ വന്നാൽ യഥാക്രമം വിസർഗ്ഗത്തിന് 'ഖ് ' 'ഫ് ' എന്നീ അക്ഷരങ്ങളുടെ ഒരു ലാഞ്ചന വരും. ഓർക്കുക ലാഞ്ചന മാത്രമേ വരാവൂ. 'ഖ് ' 'ഫ്' എന്നുച്ചരിയ്ക്കരുത്.

**ഉദാഹരണം:-**

**मैत्रः करुण एव च – मैत्रः(ख) करुण एव च**
**ततः पदं तत्परिमार्गितव्यम् – ततः(फ) पदं तत्परिमार्गितव्यम्**
[മൈത്രഃ കരുണ ഏവ ച - മൈത്രഃ(ഖ്) കരുണ ഏവ ച
തതഃ പദം തത്പരിമാർഗ്ഗിതവ്യം - തതഃ(ഫ്) പദം തത്പരിമാർഗ്ഗിതവ്യം]

- 'സ' 'ശ' 'ഷ' എന്നീ അക്ഷരങ്ങൾക്ക് മുമ്പായി വിസർഗ്ഗം വരികയാണെങ്കിൽ യഥാക്രമം അതത് അക്ഷരങ്ങൾ ഇരട്ടിയ്ക്കും.

ഉദാഹരണം:-
- **यो मद्भक्तः स मे प्रियः = यो मद्भक्तस्स मे प्रियः**

- ऊर्ध्वमूलमधः शाखम्　　　　= ऊर्ध्वमूलमधश्शाखम्
- मनः षष्ठानीन्द्रियाणि　　　　= मनष्षष्ठानीन्द्रियाणि

[യൊ മദ്ഭക്ത സ മേ പ്രിയഃ - യൊ മദ്ഭക്ത സ്സ മേ പ്രിയഃ
ഊർദ്ധ്വമൂലമധഃ ശാഖം - ഊർദ്ധ്വമൂലമധഃ ശ്ശാഖം
മനഃ ഷഷ്ഠാനീന്ദ്രിയാണി - മനഃ ഷ്ഷഷ്ഠാനീന്ദ്രിയാണി]

- ക്ഷ എന്ന കൂട്ടക്ഷരത്തിനു മുമ്പ് വിസർഗ്ഗം വരുമ്പോൾ സ്വരാക്ഷരത്തിലെന്ന പോലെ 'ഹ' ഉപയോഗിയ്ക്കണം. (ഹ, ഹി, ഹു, ഹേ, ഹോ)

ഉദാഹരണം:-
[തേജഃ ക്ഷമാ - തേജഹ ക്ഷമാ]
ഭഗവദ്ഗീതയിൽ പല സ്ഥലത്തും വിസർഗ്ഗത്തിന്റെ സ്ഥാനത്ത് 'ര്' 'സ്' 'ശ്' 'ഷ്' എന്നിങ്ങനെ രൂപാന്തരം പ്രാപിച്ചതായി കാണാം. അത് വിസർഗ്ഗ സന്ധി നിയമങ്ങൾ പാലിച്ചതുക്ണ്ടാണ്. വിസ്തരബാഹുല്യത്താൽ ഇവിടെ പരാമർശ്ശിയ്ക്കുന്നില്ല. അവ രണ്ടാം ഘട്ടത്തിൽ നിങ്ങൾ പഠിയ്ക്കും. ഇപ്പോൾ അതിന്റെ ഉച്ചാരണം മാത്രം അഭ്യസിയ്ക്കുക.
[ബുദ്ധിഃ യോ - ബുദ്ധിർ യോ
പരയോപേതാഃ തേ - പരയോപേതാസ്തേ
വേദഃ ച - വേദൈശ്ച]

**അവഗ്രഹം**
സന്ധി നിയമത്തിൽ अ എന്ന അക്ഷരം ലോപിയ്ക്കുന്ന അവസരത്തിൽ (ऽ) ബ്രാക്കറ്റിൽ കൊടുത്തിരിയ്ക്കുന്ന ചിഹ്നം നിൽക്കുന്നതിനെയാണ് അവഗ്രഹം എന്ന് പറയുന്നത്.
ഉദാഹരണം:-
[പ്രയാണകാലേ + അപി - പ്രയാണകാലേऽപി]
**ആഘാതം (ഊന്നൽ)**

സ്വരാക്ഷരത്തിന് ശേഷം രണ്ട് വ്യഞ്ജനാക്ഷരങ്ങൾ ചേർന്ന കൂട്ടക്ഷരം വരുമ്പോൾ ആ വ്യഞ്ജനങ്ങളുടെ ആദ്യത്തെ അക്ഷരത്തിന് ഇരട്ടിയ്ക്കുമ്പോൾ വരുന്ന ഒരു ഊന്നൽ കൊടുക്കണം. ആ ഉന്നലിന്റെ പെരാണ് ആഘാതം.

ഉദാഹരണം:-
[മവ്യക്തം - മവ് + വ്യക് + ക്തം
മേ പ്രിയഃ - മേപ് + പ്രിയഃ]
ഈ പദം ഉച്ചരിയ്ക്കുമ്പോൾ "മവ്വ്യക്തം", "മേപ്പ്രിയഹ" എന്നാകുന്നു.

ആഘാതം സ്വരാക്ഷരത്തിന് ശേഷം വരുന്ന രണ്ട് വ്യഞ്ജനാക്ഷരങ്ങൾ ചേർന്ന കൂട്ടക്ഷരങ്ങൾക്ക് മാത്രമേ വരും. വ്യഞ്ജനങ്ങൾ, അനുസ്വാരം, വിസർഗ്ഗം എന്നിവയ്ക്ക് ശേഷം വരുന്നരണ്ട് വ്യഞ്ജനാക്ഷരങ്ങൾ ചേർന്ന കൂട്ടക്ഷരങ്ങൾക്ക് ആഘാതം വരില്ല.
ഉദാഹരണം:-

**'ऋ'** എന്നത് സ്വരാക്ഷരമാണ്. അതുകൊണ്ട് **'विसृजाम्यहम्'** എന്ന പദത്തിൽ **'सृ'='स्+ऋ'** യ്ക്കു മുൻപ് വരുന്ന **'वि'** യ്ക്കു ആഘാതം വരില്ല.

**संस्कृत भाषा में वर्णों के उच्चारों के लिये मुख के विभिन्न स्थानों का प्रयोग होता है। इस चित्र में वर्णों के उच्चारण स्थानों को दर्शाया जा रहा है। नियत स्थान का प्रयोग करके हम हमारे उच्चारों को अधिक से अधिक शुद्ध बना सकते हैं। संस्कृत भाषा कितनी वैज्ञानिक और समृद्ध है इसको निम्न चित्र से जाना जा सकता है।**




|| इति ||

*ഗീത പരിവാർ സാഹിത്യം മറ്റേതെങ്കിലും സ്ഥലത്ത് ഉപയോഗിക്കുന്നതിന് മുൻകൂർ അനുമതി ആവശ്യമാണ്. അനുമതിയുടെ പൂർണ്ണമായപ്രയോജനത്തിനായി **consent@learneeta.com** എന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.*